**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2709** **22-01-2021 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 4.9.2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പുതിയ വനം കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. 01.01.1977 ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.15 ലെ ഒ.പി. നമ്പർ1 8467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടിസ് നൽകുന്നതിനായി വനം കൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 08.11.2002 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ 2 തവണ യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും 06.03.2003 തീയതിയിലെ ജി.ഒ (എം.എസ്) 15/03/വനം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിര ജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ പരിഹാരം. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17 ൽ 12,500 |

| | | | |
|---|---|---|---|
| | | | ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ, 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ1 1,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ ഇതുവരെ 12763 ജണ്ടകൾ (ഉദ്ദേശം 550 കി.മീ വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 66076 സ്ഥിരം ജണ്ടകൾ നിർമ്മിച്ച് ഉദ്ദേശം 3010 കി.മീ വനാതിർത്തി വേർതിരിച്ച് കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വനം വകുപ്പിന്റെ കണക്ക് പ്രകാരം 1.1.1977-ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറി എന്നാണ് കണ്ടെത്തിയിട്ടുള്ളത്; അതിൽ എത്ര ഹെക്ടർ ഇതിനകം ഒഴിപ്പിച്ചു എന്ന വിവരം നല്കാമോ; | (ബി) | വനം വകുപ്പിന്റെ കണക്ക് പ്രകാരം 01.01.1977 -ന് ശേഷം 7684.3063 ഹെക്ടർ വനഭൂമി കയ്യേറി എന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ 2662.6245 ഹെക്ടർ ഇതിനകം ഒഴിപ്പിച്ചുണ്ട്. പ ത ത... |
| (സി) | നിലവിൽ വിധി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ; | (സി) | ഉണ്ട്. വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രദേശികരാഷ്ട്രീയവും മതപരവുമായ ഇടപെടലും, വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമിതിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. |
| (ഡി) | വിധി നടപ്പിലാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വിധി നടപ്പിലാക്കുന്നതിന് സമയം ആവശ്യപ്പെട്ട്കൊണ്ട് സർക്കാർ ബഹു. ഹൈക്കോടതിയിൽ ഐ.എ. 1249/2016 നമ്പർ പ്രകാരം ഫയൽ ചെയ്യുകയും, 07.03.2019 ൽ കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. ടി വിധി പ്രകാരം കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കണമെന്നതാ വിധിയുടെ അന്തിമ ലക്ഷ്യമെന്നും, ഇതിന്മേൽ സർക്കാരിന് യുക്തമായ നടപടികൾ എടുക്കാമെന്നും ഇതു സംബന്ധിച്ച് മറ്റ് വ്യാഖ്യാനങ്ങളുടെ ആവശ്യകതയില്ലെന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ